പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5458 | 31.10.2016 -ൽ മറുപടിക്ക്.

## പ്രധാൻമന്ത്രി ഉജ്ജ്വൽ യോജന പദ്ധതി

| ചോദ്യം<br>**ശ്രീ.കെ. കൃഷ്ണൻകുട്ടി** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ബി.പി.എൽ കുടുംബങ്ങൾക്ക് എൽ.പി.ജി കണക്ഷൻ നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻ മന്ത്രി ഉജ്ജ്വൽ യോജന (PMUY) യുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനി യോഗിച്ച തുക എന്നിവ സഹിതം ജില്ലാ അടിസ്ഥാനത്തിൽ വിശദീകരിക്കുമോ ;<br><br>(ബി) ഈ വർഷം സംസ്ഥാനത്ത് ഈ കാര്യത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തൊക്കെയാണെന്നും കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാ ണെന്നും ഇതേവരെ എത്ര തുക വിനിയോഗിച്ചിട്ടുണ്ട് എന്നും വ്യക്ത മാക്കുമോ ? | (എ) & (ബി) പ്രധാൻ മന്ത്രി ഉജ്ജ്വൽ യോജന പൂർണ്ണമായും കേന്ദ്രാവിഷ്കൃതമായ പദ്ധതിയാണ്. ഇതിൽ സംസ്ഥാന ഗവണ്മെന്റിന് യാതൊരു പങ്കോ അധികാരമോ ഇല്ല. സംസ്ഥാനത്ത് 1.4 ലക്ഷം എൽ.പി.ജി കണക്ഷനുകൾ ഈ പദ്ധതി പ്രകാരം അനുവദിക്കാൻ തീരുമാനം ആയിട്ടുണ്ട്. ഈ പദ്ധതിയെപ്പറ്റി എല്ലാ ജില്ലാ പഞ്ചായത്തുകൾക്കും വിവരം നല്കുകയും ഉപഭോക്താക്കൾക്ക് ബോധവത്കരണം നല്കുകയും യോഗ്യരായവരിൽ നിന്ന് അപേക്ഷ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. യോഗ്യരായ അപേക്ഷകർക്ക് ഈ പദ്ധതി പ്രകാരം സൗജന്യ കണക്ഷനുകൾ നൽകുകയും ഇതിന് ആവശ്യമായ തുക എണ്ണക്കമ്പനികൾ വഴി കേന്ദ്ര സർക്കാർ ഏജൻസികൾക്ക് നല്കുകയുമാണ് ചെയ്യുന്നത് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന ത്തിന് യാതൊരു തരത്തിലുള്ള ഫണ്ടും ലഭ്യമാകുന്നില്ല. |

സെക്ഷൻ ഓഫീസർ